# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **902** — **09/8/2017** -ലെ മറുപടി

# വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജല വിതരണ ശൃംഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലവിതരണ ശൃംഖലയിലെ 37 വാൽവുകളുടെ ക്രമീകരണം ഒരു മാസത്തിൽ എത്ര ഇടവേളകളിലായാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) 37 വാൽവുകളിൽ 3 വാൽവുകൾ ഒന്നിടവിട്ട ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യുന്നു. മറ്റ് വാൽവുകൾ ലൈനിലെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ടാണ് സാധാരണ ഓപ്പറേറ്റ് ചെയ്യുന്നത്. |
| (ബി) 2017 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസത്തിൽ ഏതെല്ലാം ദിവസങ്ങളിൽ ക്രമീകരണം നടത്തിയെന്നും ആരാണ് നിർവ്വഹിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) ഏപ്രിൽ മുതൽ ജൂൺ വരെ എല്ലാ ഒന്നിടവിട്ട ദിവസങ്ങളിലും പ്രസ്തുത 3 വാൽവുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. അണിയിൽ ടാങ്കിന് സമീപം 2 വാൽവുകൾ ക്രമീകരിച്ചത് ശ്രീ. അനിൽ കുമാർ എന്ന കരാറുകാരനാണ്. മാലിപ്പുറം ടാങ്കിന് സമീപത്തെ വാൽവ് ക്രമീകരിച്ചത് ശ്രീ. സുഗതൻ.എ.ആർ എന്ന കരാറുകാരനാണ്.<br>മറ്റ് വാൽവുകൾ അറ്റകുറ്റപ്പണികൾക്ക് വേണ്ടിയാണ് ക്രമീകരണം നടത്തിയിട്ടുള്ളത്. ഇതിന് ചുമതലപ്പെടുത്തിയിരുന്നത് താഴെപ്പറയുന്ന കരാറുകാരെയാണ്.<br>പള്ളിപ്പുറം പഞ്ചായത്ത് – ശ്രീ. ജോജി.<br>കുഴുപ്പിള്ളി & എടവനക്കാട് – ശ്രീ. അനിൽ കുമാർ.<br>നായരമ്പലം & ഞാറക്കൽ - ശ്രീ. ഷാജൻ<br>എളംകുന്നപ്പുഴ – ശ്രീ. സുഗതൻ |
| (സി) ചുമതലപ്പെട്ട ആൾക്കാരല്ലാതെ മറ്റാരെങ്കിലും വാൽവുകളുടെ നിയന്ത്രണം ഏറ്റെടുത്തു നിർവ്വഹിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) ഉണ്ട്.<br>എടവനക്കാട് അണിയിൽ ടാങ്കിന് സമീപമുള്ള വാൽവ് അനധികൃതമായി ഓപ്പറേറ്റ് ചെയ്യുതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച് കേരള വാട്ടർ അതോ റിറ്റി പോലീസിൽ പരാതി നൽകിയിട്ടുണ്ട്. |
| (ഇ) | വാൽവുകളുടെ നിയന്ത്രണം ഉത്തരവാദ പ്പെട്ടവരല്ലാതെ മറ്റാരെങ്കിലും നിർവ്വഹി ച്ചാൽ അത്തരക്കാർക്കെതിരെ സ്വീകരി ക്കാനാകുന്ന നടപടികൾ എന്തൊക്കെ യെന്ന് വിശദമാക്കാമോ? | (ഇ) | വാൽവുകളുടെ നിയന്ത്രണം ഉത്തരവാദ പ്പെട്ടവരല്ലാതെ മറ്റാരെങ്കിലും നിർവ്വഹി ച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർ ക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാവുന്ന താണ്. |

സെക്ഷൻ ഓഫീസർ

JSK/